# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 129     02.07.2015-ൽ മറുപടിയ്ക്ക്

## അധികാര വികേന്ദ്രീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.കെ.നാരായണൻ<br>ശ്രീ.എ.കെ.ബാലൻ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.എ.എം.ആരിഫ് | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) | |
| (എ) | അധികാര വികേന്ദ്രീകരണം നടത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന് ഉതകുംവിധത്തിലാണ് 12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ തയ്യാറാക്കിയിരിക്കുന്നത്. പ്രാദേശിക ഭരണ സംവിധാനത്തെ ശാക്തീകരിക്കുന്നതിനും കൂടുതൽ ജനാധിപത്യവത്കരിക്കുന്നതിനും അധികാര വികേന്ദ്രീകരണം അർത്ഥപൂർണ്ണമാക്കുന്നതിനും ലക്ഷ്യമിട്ട് ഈ സർക്കാർ നടപ്പാക്കിയ സുപ്രധാന പദ്ധതിയാണ് **'സേവാഗ്രാം'** എന്ന പേരിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എല്ലാ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നത്. ജനാധിപത്യം കൂടുതൽ ആഴങ്ങളിലേയ്ക്കെത്തിക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ 2 വർഷങ്ങളായി ICODD എന്ന പേരിൽ അന്താരാഷ്ട്ര സെമിനാർ നടന്നുവരുന്നു.<br><br>അധികാര വികേന്ദ്രീകരണത്തിന്റെ സത്തയും സ്വാശ്രയ പഞ്ചായത്തുകളുടെ സന്ദേശവും ജനങ്ങളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഗ്രാമയാത്ര സംഘടിപ്പിച്ചു. |
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക - ആസൂത്രണ മേഖലകളിൽ എന്തെല്ലാം അധികാരങ്ങളാണ് വികേന്ദ്രീകരിച്ചിട്ടുള്ളത്; | (ബി) | തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗത്തിൽ കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടും പദ്ധതി ആസൂത്രണം പൂർണ്ണമായും തദ്ദേശ വാസികളായ ജനങ്ങൾക്ക് നിശ്ചയിക്കാൻ കഴിയും പ്രകാരവുമാണ് പദ്ധതി ആസൂത്രണ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാര മേറ്റതിനു ശേഷം പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളിൽ വരുത്തിയ മാറ്റം അധികാര വികേന്ദ്രീകരണത്തിനു സഹായിച്ചിട്ടുണ്ടോ; എങ്കിൽ എങ്ങനെയെന്ന് വ്യക്തമാക്കാമോ; | (സി) | ഉണ്ട്. പദ്ധതി മാർഗ്ഗരേഖയിൽ പ്രധാന നിർദ്ദേശമായിരുന്നു എല്ലാ വാർഡു കളിലും ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നത്. ആയത് വളരെ ഫലപ്രദമായി നടപ്പാക്കി വരുന്നു. ഇത് അധികാര വികേന്ദ്രീകരണത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നുണ്ട്. |
| (ഡി) | താഴെത്തട്ടിലേക്ക് അധികാര വികേന്ദ്രീകരണം നടത്തുന്നത് സംബന്ധിച്ചുള്ള നിലപാട് വ്യക്തമാക്കുമോ? | (ഡി) | അധികാര വികേന്ദ്രീകരണം അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുക യാണ് സർക്കാരിന്റെ ലക്ഷ്യം. അതിനായി വാർഡ് വികസന സമിതികൾക്കും അയൽസഭകൾക്കും കൂടുതൽ ഉത്തര വാദിത്തങ്ങളും അധികാരങ്ങളും പകർന്നു നൽകുന്നതിനും പൗരശാക്തീകരണ ത്തിലൂടെ ഗ്രാമസഭകളെ ശക്തിപ്പെടു ത്തുന്നതിനുമുള്ള ശക്തമായ നടപടി കൾക്ക് സർക്കാർ രൂപം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ